# സേവനത്തിൽ നിന്നും ഇവർ വിരമിയ്ക്കുന്നു! ഇവർക്കു വേണ്ടത്?!

ഡേവീസ് വളർക്കാവ്

**വിരമിക്കുന്ന അദ്ധ്യാപകർ എന്ന് പത്രങ്ങളിൽ ചെറിയ ഫോട്ടോകളോടെ വാർത്ത കാണാറില്ലേ. ഈ ആശയത്തെ മുൻനിർത്തി ചില ക്ഷോഭക്കുറിപ്പുകൾ**

**അക്ഷരത്തെ** സ്നേഹിച്ച്, അറിവിനെ മാനിച്ച് അദ്ധ്യാപക വൃത്തിക്കു വന്ന എത്രപേർ നിങ്ങളിലുണ്ട്. ജോലിക്കുവേണ്ടി ഈ വേഷം കെട്ടിയാടുന്ന നിങ്ങളിൽ പലരും വെറും പണിയായുധങ്ങളാണ്. ഒരു ശിൽപിയെപ്പോലെ നിങ്ങൾക്ക് പ്രവർത്തിക്കാനായോ?

മുമ്പ് നിങ്ങൾ പഠിപ്പിച്ച കുട്ടികളല്ലേ ഇന്നത്തെ യുവതലമുറ, നമ്മുടെ യുവതീയുവാക്കൾ ഇത്രയ്ക്കും പ്രത്യാശയില്ലാത്തവരും സ്വപ്നങ്ങളില്ലാത്തവരുമായതിന് കാരണം നിങ്ങളും കൂടിയല്ലേ?

സേവനത്തിന്റെ മൂടുപടമണിഞ്ഞ് നല്ല ശമ്പളം പറ്റി മാന്യത പിടിച്ചുവാങ്ങിയ നിങ്ങൾ എന്തു സേവനമാണ് സമൂഹത്തിന് നൽകിയത്? പഴയ ഒരു നിലത്തെഴുത്ത് കളരിയിൽനിന്നും കിട്ടുന്നതിലും എന്തു വ്യത്യാസമാണ് നിങ്ങളുടെ ശിഷ്യർക്ക് നൽകിയത്. എത്രയോ വർഷം നിങ്ങൾക്ക് ഇവരെ കിട്ടിയിട്ടും!

ജീവിതത്തിൽ സ്വന്തമായി ഒന്നും പഠിക്കാതെ പരീക്ഷിക്കാതെ ആരോ തയ്യാറാക്കിയത് വിദ്യാർത്ഥികളിലേക്ക് വിളമ്പുകയും, ഛർദ്ദിക്കുകയും ചെയ്ത നിങ്ങൾ എന്നേ വിദ്യാർത്ഥികളുടെ ശത്രുവായി എന്നറിയാമോ?

ഉണ്ണുന്നവനാണ് വിളമ്പുന്നവനല്ല ഊണിനെപ്പറ്റി പറയാൻ യോഗ്യൻ. നല്ല അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ കണ്ടെത്തലാണ്. അദ്ധ്യാപക അവാർഡ് വെറും പൊങ്ങച്ചമാണ്. സ്വയം മേനി ചമയുന്നവർ അൽപ്പന്മാരാണ്.

സ്കൂൾ വിടുന്ന ബെല്ലടിക്കുമ്പോൾ ഉയരുന്ന ആരവം ഇനിയും നിങ്ങളുടെ ബധിര കർണ്ണങ്ങളിൽ കയറിയിട്ടില്ല. വിദ്യാർത്ഥികളുടെ സാതന്ത്ര്യ പ്രഖ്യാപനമാണത്. നിങ്ങൾക്കത് മനസ്സിലാവില്ല. കൂട്ടിൽ കഴിയേണ്ടിവന്ന കിളിക്കറിയാം അതിന്റെ മാധുര്യം.

കുട്ടികളുടെ സഹജമായ ബോധത്തെ ആർജിതമായ ബോധം കൊണ്ട് കീഴ്പ്പെടുത്താൻ മേധാവികൾക്കുവേണ്ടി വിടുവേല ചെയ്യുന്നതല്ലേ ഇതുവരെ നിങ്ങൾ ചെയ്തുകൂട്ടിയ കൂട്ടിക്കൊടുപ്പുവേല. അഞ്ചക്കശമ്പളം പ്രതിഫലം വാങ്ങി ഒന്നാംക്ലാസ്സുമുതൽ ലിംഗ വിവേചനം ക്ലാസ്സുമുറികളിലും സ്കൂളിലും ശ്രദ്ധയോടെ നിർവ്വഹിച്ച നിങ്ങൾക്ക് വർദ്ധിച്ചുവരുന്ന ലൈംഗിക പീഢനത്തിന്റെ കഥകളിൽ നിങ്ങളും പ്രതികളാണെന്ന് കാലം മുഖത്തുനോക്കി പറയുമ്പോൾ എന്തു മറുപടി പറയാനുണ്ടാകും.

അനേകം വർഷം മുമ്പ് പഠിപ്പിച്ച അധ്യാപകരെ കാലങ്ങൾക്കുശേഷം വീട്ടിലെ വിശേഷങ്ങൾക്ക് അതിഥികളായി ക്ഷണിച്ചിരുന്ന തലമുറ ഉണ്ടായിരുന്നു. നിങ്ങളെ 5 വർഷം കഴിഞ്ഞ് മൈന്റ് ചെയ്യാൻ ഇന്നത്തെ നിങ്ങളുടെ വിദ്യാർത്ഥികളെ കിട്ടില്ല. അതിനുള്ള നന്മ നിങ്ങളിലില്ല. നേരിൽ കാണുമ്പോൾ മുണ്ടിന്റെ മടക്കിക്കുത്തഴിച്ചിടുന്ന തലമുറ പോയ്പോയി. മുണ്ടു മുഴുവനും അഴിച്ചു മാറ്റുന്നവരെ വൈകാതെ നിങ്ങൾ കണ്ടെത്തും.

ഇനി, ജീവിതത്തിന്റെ വിശ്രമവേളകളിൽ, ബ്ലെയിഡ് കമ്പനിയിലെ ആശാന്മാരായി കഴിയുകയോ, വാർദ്ധക്യത്തിന്റെ അസ്കിതകളിൽ നിങ്ങളുടെ പേരക്കുട്ടികളുടെവരെ തെറി കേൾക്കുകയോ ചെയ്ത് ശിഷ്ട ജീവിതം മൂലക്കുരുവും കൈകാൽ കഴപ്പുമായി ശാപമേറ്റ ജീവിതം നിങ്ങൾ ജീവിക്കേണ്ടിവരും. അനുഭവിക്കുക. നിങ്ങളെ നിങ്ങളാക്കിയ വിദ്യാർത്ഥികൾ അവരതുകണ്ട് പൊട്ടിച്ചിരിച്ചാൽ അത്ഭുതമില്ല.

*സഹോദരഭവനം, അഞ്ചേരി, തൃശൂർ-6*

---

13-ാം പേജിൽ നിന്ന് തുടർച്ച

ആദർശബോധം നിമിത്തം യുവാക്കൾ പലരും ഈ തൊഴിലിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. അനന്തപൂരിൽ ഒരു നരസിംഹ റെഡ്ഡി, കലഹന്ദിയിൽ ഒരു പുരുഷോത്തം താക്കൂർ, ബിജയ് സാഹിസ്, ജഗദീഷ് സുന, ഝാർഖണ്ഡിൽ ഒരു ദയാമണി ബർള, വിദർഭയിൽ ഒരു ജയദീപ് ഹാർദികർ. കേരളത്തിൽ ഒരു കെ.എം. ഷാജി ഇവരൊക്കെ മുതിർന്ന പത്രപ്രവർത്തകരെ നാണിപ്പിച്ചിട്ടുള്ളവരാണ്. അവരുടെയും അവരെപ്പോലെയുള്ളവരുടെയും ഊർജ്ജവും അർപ്പണബോധവും പ്രചോദകങ്ങളാണ്. ഗ്രാമീണ ദരിദ്രരുടെ കഥ പറയാൻവേണ്ടി ഇവരെപ്പോലെയുള്ള പത്രപ്രവർത്തകർ എതിർപ്പുകളെയും ശത്രുതയെയും വകവെയ്ക്കാതെ പ്രവർത്തിച്ചവരാണല്ലോ.

**പത്രമുതലാളിമാരെയും എഡിറ്റർമാരെയുംകാൾ വളരെ മുന്നിലാണ് വായനക്കാർ.** മുംബൈയിൽ വിതരണത്തിനെത്തുന്ന ടൈംസ് ഓഫ് ഇന്ത്യ അതിനുള്ള തെളിവാണ്. മുമ്പത്തേതിൽനിന്ന് വ്യത്യസ്തമായി 6 സിറ്റി പേജുകൾ, പുസ്തക പംക്തിയുടെ തിരിച്ചുവരവ്, നല്ല വാർത്തകളും വിശകലനങ്ങളും. ഇവയൊക്കെച്ചേർന്ന് പരിവർത്തനങ്ങളും പരിഷ്കാരങ്ങളുമായി വായനക്കാരനോടുള്ള ബഹുമാനം വർദ്ധിച്ചതായി പത്രം ദ്യോതിപ്പിക്കുന്നുണ്ട്.

മാദ്ധ്യമങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമില്ലായ്കയില്ല. പക്ഷേ, മാദ്ധ്യമങ്ങൾക്കകത്ത് പരിഹാരമുണ്ടാക്കാനാവുകയുമില്ല. പൊതുജനമാണത് ചെയ്യേണ്ടത്. അവരത് ചെയ്യും. 2004 ലെ പൊതുതെരഞ്ഞെടുപ്പിൽ, അഴിമതി നിറഞ്ഞതും അടിത്തറ നഷ്ടപ്പെട്ടതുമായ ഭരണകൂടത്തെ തൂത്തെറിഞ്ഞത് പത്രാധിപൻമാരായിരുന്നില്ല. വോട്ടർമാരായിരുന്നു. ആ മഹായുദ്ധത്തിൽ മാദ്ധ്യമങ്ങളും മിക്കവാറും തെറ്റായ വശത്താണ് നിലകൊണ്ടത്. **മാദ്ധ്യമങ്ങളും വസ്തുതകളും തമ്മിലകന്നു നിന്നത് അന്ന് ശ്രദ്ധിക്കപ്പെടുക തന്നെ ചെയ്തു. ജനങ്ങളുമായുള്ള മാദ്ധ്യമങ്ങളുടെ ബന്ധം പുനഃസ്ഥാപിക്കുക എന്നതാണ് ഇപ്പോഴത്തെ വെല്ലുവിളി.** ഇന്ത്യൻ മാദ്ധ്യമങ്ങളുടെ മഹത്തായ പാരമ്പര്യം പുനഃപര്യവേഷണം ചെയ്യുക എന്നതും.

*(കടപ്പാട് : ഔട്ട്ലുക്ക്)*